**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2121** **30-07-2021 - ൽ മറുപടിയ്ക്ക്**

**ചിറ്റാരി - കണ്ടി വാതുക്കൽ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | നാദാപുരം മണ്ഡലത്തിലെ പട്ടിക വർഗ്ഗ കോളനിയിലേക്കുള്ള ചിറ്റാരി - കണ്ടിവാതുക്കൽ റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ; | (എ) | ചിറ്റാരിക്കണ്ടിവാതുക്കൽ റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പാർട്ട് ബിൽ തുകകളെല്ലാം കരാറുകാരന് പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടും ശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യാൻ കരാറുകാരനായ M/s Delcon Engineering തയ്യാറല്ലായെന്ന് അന്തിമമായി അറിയിച്ചിട്ടുള്ളതിനാൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കോഴിക്കോട് റീജിയണൽ മാനേജർ ടി പ്രവൃത്തിയുടെ നിലവിലെ കരാർ റദ്ദാക്കുന്നതിനും പ്രവൃത്തി റീ ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതിനും മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ബി) | ടി പ്രവൃത്തി ഉൾപ്പെടുന്ന നബാർഡ് ആർ.ഐ.ഡി.എഫ് 20 സ്കീമിന്റെ നിലവിലെ കാലാവധി 2021 സെപ്തംബർ 30 വരെയാണ്. റീ ടെണ്ടർ നടപടി അടിയന്തിരമായി സ്വീകരിക്കുന്നതിനും നിശ്ചിത തീയതിക്ക് മുമ്പ് തന്നെ റോഡിന്റെ പണികൾ പൂർത്തീകരിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ്, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ